വെള്ളപ്പൊക്കക്കെടുതിമൂലം ഭവന രഹിതരായവർ

260. [316] ശ്രീമതി കെ. ആർ. ഗൗരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷത്തെ വെള്ളപ്പൊക്കക്കെടുതി മൂലം സംസ്ഥാനത്ത് എത്ര കുടുംബങ്ങൾ ഭവന രഹിതരായിട്ടുണ്ട് ;

(ബി) എത്ര പേരെ വിവിധ റിലീഫ് ക്യാമ്പുകളിൽ പാർപ്പിച്ചിരുന്നു ;

(സി) അവർക്ക് എന്തെല്ലാം സഹായങ്ങളാണ് ഗവൺമെന്റ് നല്കിയത് ?

ഉത്തരം

(എ) സംസ്ഥാന ഗവൺമെന്റ് ശേഖരിച്ചിട്ടുള്ള കണക്ക് പ്രകാരം 72,000 കുടുംബങ്ങൾ ഭവന രഹിതരായിട്ടുണ്ട്.

(ബി) വിവിധ റിലീഫ് ക്യാമ്പുകളിലായി 4 ലക്ഷം ആളുകളെ പാർപ്പിച്ചിരുന്നു.

(സി) ആഹാരം, വസ്ത്രം, ശുദ്ധജലവിതരണം പ്രയുക്ത പോഷകാഹാരം, വൈദ്യസഹായം മുതലായവ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഉരുൾപൊട്ടൽ കടലാക്രമണം, കൃഷിനാശം എന്നിവയ്ക്ക് ശാശ്വത പരിഹാരം

[317] ശ്രീ. കെ. മൂസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കാലവർഷക്കാലത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്ന, ഉരുൾപൊട്ടൽ, കടലാക്രമണം, കൃഷിനാശം എന്നിവയ്ക്ക് ശാശ്വതമായ പരിഹാരം കാണാൻ എന്തെങ്കിലും പരിപാടി സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം ;

(സി) ഇല്ലെങ്കിൽ ഒരു പരിപാടി ആവിഷ്ക്കരിച്ച് നടപ്പിലാക്കുമോ ?

ഉത്തരം

(എ, ബി & സി) ശാശ്വതമായി പരിഹരിക്കാൻ സാധിക്കുകയില്ല.

വെള്ളപ്പൊക്ക ദുരിതാശ്വത്തിന് കോഴിക്കോട് ജില്ലയിൽ ചെലവഴിച്ച തുക

261. [318] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സാമ്പത്തിക വർഷത്തിൽ വെള്ളപ്പൊക്ക ദുരിതാശ്വാസ നടപടിയുടെ ഭാഗമായി കോഴിക്കോട് ജില്ലയിൽ എത്ര രൂപ ഇതുവരെയായി ചെലവഴിച്ചിട്ടുണ്ട് ;

(ബി) ഏതെല്ലാം പ്രവർത്തികൾക്ക് വേണ്ടി ഈ സംഖ്യ ചെലവഴിച്ചതെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ, ബി) വിവരം ശേഖരിച്ചു വരുന്നു.

വെള്ളപ്പൊക്ക ദുരിതാശ്വാസ പരിപാടിയിൽ ഉൾപ്പെടുത്തിയ

കൊയിലാണ്ടി താലൂക്കിലെ റോഡുകൾ

262. [319] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വെള്ളപ്പൊക്ക ദുരിതാശ്വാസ നടപടി പരിപാടിയിൽ ഉൾപ്പെടുത്തിയ ലോക്കൽ ബോഡീസ് ഇഞ്ചിനീയറിംഗ് വിംഗ് പ്രവർത്തനം തുടങ്ങിയ കൊയിലാണ്ടി താലൂക്കിലെ കുമളി—ഉള്ളൂർ കടവ് റോഡ്, കൊക്കല്ലൂർ കോവിലകം റോഡ്, അരപ്പീടിക—പുതിയകാവ് റോഡ് തുടങ്ങിയ റോഡുകൾക്ക് ഓരോന്നിനും എത്ര രൂപ വീതം ചെലവഴിക്കാനാണ് അനുവാദം നൽകിയിരുന്നതെന്ന് വെളിപ്പെടുത്താമോ ;

(ബി) ഈ റോഡുകളിൽ ഏതെല്ലാം റോഡുകളുടെ പണി പൂർത്തിയായി എന്നും ശേഷിക്കുന്ന റോഡുകൾ പൂർത്തിയാക്കാതിരിക്കാനുള്ള കാരണം എന്താണെന്നും വെളിപ്പെടുത്താമോ ?

ഉത്തരം

(എ) കൊയിലാണ്ടി താലൂക്കിലെ കുമളി—ഉള്ളൂർ കടവ് റോഡിന് 1,00,000 രൂപയും, കൊക്കല്ലൂർ—കോവിലകം റോഡിന് 2,00,000 രൂപയും അരപ്പീടിക—റോഡിന്, 2,50,000 രൂപയും ചെലവഴിക്കാനാണ് അനുവാദം നൽകിയിട്ടുള്ളത്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

തേൻപുഴ തൂക്കുപാലം

263. [321] ശ്രീ. കെ. കെ. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പീരുമേട് നിയോജക മണ്ഡലത്തിലെ കൊക്കയാർ പഞ്ചായത്തിലെ തേൻപുഴ തൂക്കുപാലം കഴിഞ്ഞ വെള്ളപ്പൊക്കത്തിൽ നശിച്ചുപോയ വിവരം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ വർഷത്തെ വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ടിൽ നിന്നും തുക അനുവദിച്ച് ഈ പാലം നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പരിഗണിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly